Mr. Thomas Manjuran.—I did not admit that there were only 2 papers. Even if it were so, it would make no difference. What the Government wanted was to bring under some control these irresponsible newspapers who were publicly broadcasting scurrilous, seditious and defamatory matter. With regard to other newspapers, only a nominal licensing fee has been imposed. No newspapers have died on that account. With regard to one or two about which the Government had sufficient reason to suppose that their tendencies were far from justified or justifiable, they had to pay a slightly enhanced fee. In one case where there was clear justification, the maximum fee was levied. It cannot be considered to be a very violent action by the Government. It is not known, the Regulation should not continue. To conclude, I have only to add that what the Government intended by the Press Regulation was not to stifle the free and honest expression of opinion in newspapers. What the Government had intended was to stifle the deliberate malicious and habitual publication of seditious and defamatory matter by the irresponsible press. I am sure, no Hon'ble Member of this House will want the Government to encourage such newspapers.

Mr. V. K. Krishnankutty.—Mr. President, Sir, unlike on other occasions, I carefully followed the arguments of the learned Law Member. On a careful study, I find that it is only a second but abridged edition of what he gave us the other day in the Meenom Session, so that I am unable practically to look to those arguments which he advances.

Mr. Thomas Manjuran.—You did not listen to them then.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Krishnankutty.—I read it afterwards and found out their weakness. So I do not see my way to give any further reply. I press it to a division.

Motion was put and carried.

Motion No. 7.

Mr. K. Ayyappan.— *"To reduce the allotment of Rs. 76,544 for Huzur Secretariat by Re. 1. To request the Government to leave the administration of Panchayat and Co-operative departments to ministers responsible to the Legislature, as an experimental measure of introducing responsible Government in the State."*

സർ, ഉത്തരവാദിത്വഭരണം ഏർപ്പെട്ടത്തേണ്ട ആവശ്യത്തെപ്പറ്റി പ്രസംഗിക്കേണ്ട ആവശ്യമില്ല. അതു പലപ്രാവശ്യവും ഇവിടെ പ്രസംഗിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അതിന്റെ മാഹാത്മ്യത്തെപ്പറ്റി ഇന്നലെ വളരെ വിശദമായ നിലയിൽ ദിവാൻജി അവർകൾ കാളേജിൽ പ്രസംഗിച്ചു നാം കേട്ടുകഴിഞ്ഞു. ദിവാൻജി അവർകൾ ഈ സഭയിൽ ചെയ്തിട്ടുള്ള ഒരു പ്രസംഗത്തിൽ ഇവിടെ ഉത്തരവാദഭരണം ഏർപ്പെടുത്തുവാനുള്ള ചില പ്രയാസങ്ങൾ പറയുകയുണ്ടായി. സ്റ്റേറ്റിൽ ഉത്തരവാദിത്വഭരണം ഏർപ്പെടുത്തുന്നതിൽ വലിയ വിഷമങ്ങൾ ഉണ്ടെന്നു പറഞ്ഞുവെങ്കിലും അതു അസാദ്ധ്യമാണെന്നു അദ്ദേഹം പറഞ്ഞിട്ടില്ല. അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ വിചാരിച്ചാൽ നീക്കാവുന്ന പ്രയാസങ്ങൾ അല്ലാതെ അതിൽ കൂടുതലായുള്ള ഒരു പ്രയാസവുമില്ലെന്നു വിശ്വാസത്തോടുകൂടിയാണ് ഞാൻ വളരെ മിതമായതും പ്രായോഗികമായതുമായ ഈ ഉപക്ഷേപം ഹാജരാക്കുന്നത്. പ്രയാസമില്ലെന്നു ഞാനും പറയുന്നില്ല. അദ്ദേഹം പറഞ്ഞ പ്രയാസങ്ങളിലൊന്നു മഹാരാജാവു തിരുമനസ്സുകൊണ്ടും പാരമൌണ്ട് പൗവ്വറും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ചു ഒരു പ്രയാസമാണ്. എന്നാൽ എനിക്ക് ഇന്നു പറയുവാനുള്ളതു് മഹാരാജാവു തിരുമനസ്സുകൊണ്ടും മേൽക്കോയ്മയും തമ്മിലുള്ള ബന്ധങ്ങളേക്കാൾ കൂടുതലായി നോക്കേണ്ടതു മഹാരാജാവു തിരുമനസ്സിലെ നിലയെത്തന്നെയാണ്. ഉത്തരവാദഭരണം ഇവിടെ പാടില്ലെന്നുവന്നുകഴിഞ്ഞാൽ അതിന്റെ കാരണം എന്തുതന്നെയായിക്കൊള്ളട്ടെ, ജനങ്ങൾ സ്വയം ചോദിക്കുവാൻ തുടങ്ങും നാട്ടരാജ്യങ്ങൾ നിലനില്ക്കുന്നതു് ആശാസ്യമാണോ എന്നു്. ബ്രിട്ടീഷുകൊച്ചിയിൽ സ്വയംഭരണം ആകാമെന്നുണ്ടെങ്കിൽ അതിനടുത്ത ഇക്കരെയിൽ സ്വയംഭരണം പാടില്ലെന്നു വരുന്നതു ഈ ചോദ്യത്തിനു പ്രത്യേകിച്ചും ഇടവരുത്തും. അതുകൊണ്ടു് രാജ്യതന്ത്രജ്ഞന്മാർ ന്യായമായി ആലോചിച്ചു് ബ്രിട്ടിഷിൻഡ്യയും ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയും തമ്മിലുള്ള ഈ വ്യത്യാസമില്ലാതാക്കുവാൻ അവരുടെ ബുദ്ധിശക്തി ഉപയോഗിച്ചു് എന്തെങ്കിലും ചെയ്യണം.

പിന്നെ ഒരു പ്രധാന സംഗതി നോക്കാനുള്ളതു് സ്വയംഭരണം അനുഭവിക്കുവാൻ നാട്ടരാജ്യങ്ങളിലെ ജനങ്ങൾ പാകമായിട്ടുണ്ടോ എന്നതാണു്. കൊച്ചിയെ സംബന്ധിച്ചിടത്തോളം, വിദ്യാഭ്യാസംകൊണ്ടും മറും ബ്രിട്ടീഷിൻഡ്യയിലെ ജനങ്ങളേക്കാളും മുമ്പോട്ടുപോയിരിക്കുന്നതു് കൊച്ചിയിലെ ജനങ്ങൾതന്നെയാണു്. എന്നിട്ടും പാകമായിട്ടില്ലെങ്കിൽ പാകമാക്കേണ്ട ചുമതല—വിദ്യാഭ്യാസം വന്നുകഴിഞ്ഞു, ഇനി ഭരണപരിചയം വരുത്തേണ്ടതേയുള്ളൂ. ആ ചുമതല—ജനങ്ങളെ സംബന്ധിച്ചുള്ളതല്ല. അതു് ഗവൺമെണ്ടിന്റേതാണു്. എന്നാൽ ഒന്നിച്ചു പൂർണ്ണമായ സ്വയംഭരണം ഏർപ്പെടുത്തണമെന്നു് ഞാൻ ആവശ്യപ്പെടുന്നില്ല. സ്വയംഭരണം വന്നുകഴിഞ്ഞാൽ ഇവിടെ പാലും തേനും ഒഴുകുമെന്നു് വിശ്വസിക്കുന്ന ആളല്ല ഞാൻ. സ്വയംഭരണം വന്നാൽ തല്ക്കാലം സംഗതികൾ ഇപ്പോഴത്തേക്കാൾ വഷളായി എന്നും വരാം. അതുകൊണ്ടു് സ്വയംഭരണപരിശീലനം എന്നുള്ള സൌകര്യം നിഷേധിച്ചുകൂടാ. സ്വയംഭരിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നതായാൽ, ആദ്യമാദ്യം പല തെറ്റുകളിൽക്കൂടി കടന്നുപോയിട്ടെങ്കിലും, അവസാനം ശരിയായ സ്വയംഭരണത്തിൽ അവർ എത്താതിരിക്കയില്ല. അതുകൊണ്ടു ഈ ഒരു പരിശീലനം നൽകുന്നതിനു, പ്രത്യേകം സൌകര്യമുള്ള രണ്ടു ഡിപ്പാർട്ടുമെൻറുകളെയാണു് ഞാൻ തിരഞ്ഞെടുത്തിട്ടുള്ളതു്. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളിലും ഇപ്പോൾതന്നെ അനുദ്യോഗസ്ഥപക്ഷത്തിന്റെ ഭരണം അധികമുള്ളതുമാണു്. ഈ വകുപ്പുകളിൽ മേൽക്കോയ്മയുമായിട്ടുള്ള ബന്ധങ്ങളൊന്നും വരികയില്ല. ഇപ്പോൾ തന്നെ ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളിലും സ്വയംഭരണം വേണമെന്നും ഞാൻ നിർബന്ധിക്കുന്നില്ല. ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറു് എടുത്തു് ഒരു മന്ത്രിയെ നിയമസഭയോടു ഉത്തരവാദപ്പെട്ടതായി നിയമിച്ചു ഈ പരിഷ്കാരം നടപ്പാക്കിയാലും മതിയാകും. ദിവാൻജി അവർകൾ ഇന്നലെ പറയുകയുണ്ടായി മൊണ്ടേഗു് ചെംസ് ഫോർഡു് റിഫാമിൽ തന്നെ വാസ്തവത്തിൽ പാർളിമെൻററി ഡമോക്രസിയുടെ തുടക്കംപോലുമില്ല എന്നു്. ഇപ്പോൾ നാം മൊണ്ടേഗു്, എന്നു പറയുന്ന പരിഷ്കാരം ചെയിംസു് ഫോർഡു് റിഫോംസിന്റെ അടുത്തെങ്ങും എത്തുകയില്ല. ഈ ലഘുവായ പരിഷ്കാരംപോലും ഇപ്പോഴെങ്കിലും തുടങ്ങിയില്ലെങ്കിൽ നമ്മൾ എപ്പോഴെങ്കിലും പാർലിമെൻററി ഡെമൊക്രസിയിൽ എത്തുമോ? അതുകൊണ്ടു ഈ ഉപക്ഷേപത്തിൽ പറയുന്നമാതിരി ഒരു തുടക്കമെങ്കിലും ഉത്തരേൻഡ്യാഭരണകാര്യത്തിൽ ഗവൺമെണ്ടു് ഉടനെ ചെയ്യേണ്ടതാണു്. ഇതിനേക്കാൾ കൂടിയ പരിഷ്കാരങ്ങൾക്കാണു് ഈ സഭ ഇതേവരെ ആവശ്യപ്പെട്ടിട്ടുള്ളതു്. ഈ മീററിങ്ങിൽതന്നെ ഇതിനേക്കാൾ വിസ്തൃതമായ പരിഷ്കാരത്തിനുള്ള ഉപക്ഷേപങ്ങൾ ഉ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. അതൊക്കെ തല്ക്കാലം നിറുത്തിവെച്ചു ഗവമ്മെണ്ടിന്റെ സൌകര്യത്തിനുവേണ്ടി ഈ മുരുങ്ങിയ പരിഷ്കാരംമാത്രം ഇപ്പോൾ ചോദിക്കാമെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്.

അതുകൊണ്ടു ഗവമ്മെണ്ടിൽനിന്നു് ഈ കാര്യത്തിൽ താമസിയാതെ എന്തെങ്കിലും ചെയ്യണമെന്നുള്ള അപേക്ഷയോടും ഇപ്പോഴത്തെ ഗവമ്മെണ്ടു് തീർച്ചയായും ചെയ്യുമെന്നുള്ള വിശ്വാസത്തോടുംകൂടി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

* മിസ്റ്റർ ടി. കെ. നായർ.— സർ, ൧൮൦൦-ൽ ഈ നിയമസഭ സ്ഥാപിച്ചതിനുശേഷം പന്ത്രണ്ടു കൊല്ലത്തോളം കാലമായി അന്നദ്യോഗസ്ഥന്മാരായ ഞങ്ങൾ ഗവമ്മെണ്ടുമായി സഹകരിച്ചുതുടങ്ങിയിട്ടു്. അതുകൊണ്ടു ഞങ്ങൾക്കുണ്ടായിട്ടുള്ള ഭരണപരിചയം ഒന്നു പരീക്ഷിച്ചുനോക്കുവാനുള്ള ഒരവസരം തരണമെന്നാണു് ഞാൻ ഗവമ്മെണ്ടിനോടു അപേക്ഷിക്കുന്നതു്. കഴിഞ്ഞ കൊല്ലത്തിൽ ദിവാൻജി അവർകൾ ഞങ്ങളെ ഭരണതന്ത്രത്തോടു പരിചയപ്പെടുത്തുവാനായി ചില അഡൈസറി ബോർഡ് സ്ഥാപിച്ചു. ഒരു വർഷത്തിൽ ഒരു യോഗം ക്രൂടിയതുകൊണ്ടു എത്രത്തോളം ഭരണപരിചയം അതിലുള്ള മെമ്പറന്മാർക്കു കിട്ടിയിട്ടുണ്ടെന്നു ഞാൻ അതിലെ ഒരംഗമല്ലാത്തതുകൊണ്ടു് പറയാൻ സാധിക്കയില്ല. ഈ നിയമസഭ സ്ഥാപിച്ചതിനുശേഷം, അന്നു ഞങ്ങൾക്കു മഹാരാജാവു തിരുമനസ്സുകൊണ്ടു അനുവദിച്ചു തന്നിട്ടുള്ളതിൽ ക്രൂടുതലായി കിട്ടിയിട്ടുള്ളതു് ഒരു ഡെപ്യൂട്ടി പ്രസിഡണ്ടിനെ തിരിഞ്ഞെടുക്കുവാനും ഉപചോദ്യങ്ങൾ ചോദിക്കുവാനും ഉള്ള അവകാശമാണു്. ഈ പന്ത്രണ്ടു കൊല്ലക്കാലം പരിചയമുള്ള ഞങ്ങൾ ഇനിയെങ്കിലും പഴയ റിക്കാർട്ടുകളെല്ലാം പരിശോധിച്ചു ഒരു പൊളിച്ചെഴുത്തു കഴിക്കണമെന്നു ദിവാൻജി അവർകളോടു് ആവശ്യപ്പെടുന്നതിൽ വലിയ തരക്കേടൊന്നുമില്ലെന്നു തോന്നുന്നു. ഞങ്ങൾ ഇതിനു മുമ്പു് പലപ്രാവശ്യവും ആവശ്യപ്പെട്ടപ്പോൾ അന്നത്തെ ദിവാൻജിമാർ നിങ്ങൾ ഈ കാര്യത്തിൽ കുട്ടികളാണു്, നിങ്ങൾക്കു യാതൊരു വിവരവുമില്ല, നിങ്ങൾക്കു വിവരമുണ്ടാകുമ്പോൾ നിങ്ങൾ ഇതു ചോദിക്കുകയില്ല എന്നൊക്കെ പറയാറുണ്ടു്. കൊല്ലാകൊല്ലം ഓരോ മോഷൻ കാൺസ്റ്റിറ്റ്യൂഷനൽ റിഫാംസിനുവേണ്ടി കൊണ്ടുവന്നു് എത്രാണ്ടു പന്ത്രണ്ടുകൊല്ലംകൊണ്ടു് ഞങ്ങൾക്കു കുറെയെല്ലാം പരിചയം കിട്ടിയിട്ടുള്ളതുകൊണ്ടു് ഗവമ്മെണ്ടിനു ഇക്കാര്യത്തിൽ ചെയ്യുവാൻ സാധിക്കുന്നതു് എന്തെല്ലാമാണെന്നു ഞങ്ങൾക്കു മനസ്സിലായിട്ടുണ്ടു്. കഴിഞ്ഞ തവണ ഞങ്ങൾ ആവശ്യപ്പെട്ടതു് ഒരു മിനിസ്റ്ററെയെങ്കിലുംവെച്ചുകിട്ടണമെന്നാണു്. ഒരു മിനിസ്റ്റർക്കു വേണ്ടതായ യോഗ്യതകളെന്തെല്ലാമാണെന്നു് നമ്മുടെ ബഹുമാനപ്പെട്ട ദിവാൻജി അവർകൾ ഒരു സ്ഥലത്തു പ്രസ്താവിച്ചതിനെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അന്ന ഞാൻ അവിടെ എടുത്തു കാണിച്ചു. അതുകൊണ്ട് ഈ ലഘുവായ സംഗതിയൊന്ന പരീക്ഷിച്ചു നോക്കുക. അനവധി ഉദ്യോഗസ്ഥന്മാരെ അവരുടെ സ്ഥാനങ്ങളിൽ നിയമിക്കുന്നതിനു മുമ്പു് ആ സ്ഥാനത്തിനു അയോഗ്യന്മാരായിരുന്നാലും അതാതു സ്ഥാനങ്ങളിൽ വരുമ്പോഠം അവർ യോഗ്യന്മാരായിത്തീരുന്നുണ്ട്. അതുകൊണ്ട് ഈ സ്ഥാനത്തേക്കു ഒരാളെ എടുത്തു പരീക്ഷിച്ചു നോക്കുക — ഞങ്ങളുടെ മാറെറാന്നരച്ചുനോക്കുക. അതിൽ ഞങ്ങൾം വഷളന്മാരാണെന്ന കണ്ടാൽ ഞങ്ങളിൽനിന്നും ആ അവകാശം എടുത്തു കളയുന്നതിനുള്ള അധികാരവും ഗവമ്മെണ്ടിനുണ്ടല്ലോ. ഇതു് നാളെത്തന്നെ വരുത്തണമെന്ന ഞങ്ങൾം പറയുന്നില്ല. ഇതിൽ എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതു് ഇന്നത്തെ ദിവാൻജി അവർകൾം ചെയ്യുമെന്നുള്ള പ്രത്യാശ ഞങ്ങൾക്കുള്ളതുകൊണ്ടാണു് —അദ്ദേഹത്തിനു അതു ചെയ്വാൻ സാധിക്കും—വളരെ മിതമായിട്ടുള്ള ഈ അപേക്ഷ ഇവിടെ ചെയ്യുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി.— കഴിയുമെങ്കിൽ നാളെത്തന്നെ വേണമെന്നാണു പറയുന്നതു്. ഇനിയൊരു പത്തുകൊല്ലം കഴിഞ്ഞാൽ ഒട്ടമില്ലാതാകും.

മിസ്റ്റർ ടി. കെ. നായർ.— അതുയും കൊല്ലം ഇരിക്കണമെന്നു പറയുമെന്നു എനിക്കു തോന്നുന്നില്ല. ഇൻഡ്യയിൽ ഫഠ കൊല്ലത്തിനു മുൻപ്, ഇപ്പോൾം നടക്കാൻ പോകുന്ന ഭരണപരിഷ്കാരം വരുമെന്നു ആരെങ്കിലും വിചാരിച്ചിരുന്നതാണോ? അതുകൊണ്ടു ഞാൻ ഒന്നുകൂടി അപേക്ഷിക്കുന്നതു് ഇതിൽ പറഞ്ഞിട്ടുള്ള ഈ ലഘുവായ സംഗതി ഞങ്ങൾക്കു അനുവദിച്ചുതന്നു ഒന്നു പരീക്ഷിച്ചു നോക്കണമെന്നാണു്.

മിസ്റ്റർ വി. കെ. കുട്ടി.— സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നില്ല. ഇതിനെ സംബന്ധിച്ചു രണ്ടു വാക്കു പറയേണ്ട ആവശ്യമേ എനിക്കുള്ളൂ. ഫഠ കൊല്ലമായി, ഇവിടെ ഭരണസ്വാതന്ത്ര്യം ആവശ്യപ്പെട്ട തുടങ്ങിയിട്ടെന്നും കൊല്ലംതോറും ഈ വിഷയമായി ഓരോ പ്രമേയങ്ങൾം പാസ്സാക്കാറുണ്ടെന്നും ചില മാന്യ മെമ്പർമാർ ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടു മുതൽക്കുള്ള പ്രമേയങ്ങൾം ഭരണം മുഴുവനും മന്ത്രിസഭ വഴിയായിരിക്കണമെന്നുള്ളതായിരുന്നുവെന്നും ഇപ്പോൾം അതിൽ ഏതാനും ഭാഗം മാത്രമെ ആവശ്യപ്പെടുന്നുള്ളൂവെന്നും ബഹുമാനപ്പെട്ട ഒരു മെമ്പർ പറയുന്നു. ഇന്ത്യയെ സ്വാതന്ത്ര്യസ്വാഗ്ത്തിലേക്കാനയിക്കുവാൻ അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ചില മെമ്പർമാർ കൂടി ഇവിടത്തെ ഭരണകാര്യത്തിൽ പിന്നോക്കം ഗമിക്കുന്ന ഈ പ്രമേയത്തെ അനുകൂലിച്ചു കാണുന്നതിനാലാണു് എനിക്കത്ഭുതം തോന്നുന്നതു്. ഏതു പരിഷ്കൃത രാജ്യത്തും പൂർണ്ണമായ ഭരണസ്വാതന്ത്ര്യത്തിനാണ് വില കല്പിക്കുന്നതു്. നമ്മുടെ നാട്ടിനത്യന്താപേക്ഷിതമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഭരണക്രമം സൃഷ്ടിക്കുവാനാണ് നാം പരിശ്രമിക്കുന്നതെങ്കിൽ ഈ അപ്പ ക്ഷണത്തിനുവേണ്ടിയുള്ള ഈ പ്രാർത്ഥനയിൽ പങ്കുകൊള്ളുവാൻ എ ന്റെ മനസ്സുതന്നെ അനുവദിക്കുന്നില്ല. ഇന്നത്തെ പ്രശ്നം പൂർണ്ണസ്വാ തന്ത്ര്യത്തെ ലക്ഷ്യമാക്കിയുള്ളതാണ്. അതുക്രമാതെയുള്ള ഒരു ഭരണ സ്വാതന്ത്ര്യം നമുക്കാവശ്യമില്ല. ഗവമ്മെണ്ടിന്റേയും പൊതുജനങ്ങള ടേയും ഗുണത്തിനുതകുന്നതാപേക്ഷിതമായ ഒരു ഭരണം ഏർപ്പെടുത്തുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടെങ്കിൽ ഭരണനിർവ്വഹണസമതികരം ഗവ മ്മെണ്ടു പൊതുജനങ്ങളെ ഏല്പിക്കുകയാണു വേണ്ടതു്. അങ്ങിനെയു ള്ള ഒരു ഭരണസ്വാതന്ത്ര്യം തരണമെന്നു എനിക്കപേക്ഷയുണ്ടു്.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— സർ, ഏറ്റവും മിതമായ ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. പ്രമേയത്തിന്റെ വ്യാപ്തി കു റഞ്ഞുപോയതുകൊണ്ടുമാത്രം ഞാനിതിനെ എതുക്കുന്നില്ല. പൂർണ്ണമായ ഉത്തരവാദിതപ്രഭരണം വേണമെന്നു അഭിലഷിക്കുന്ന ഒരാളാണു ഞാ ൻ. പക്ഷെ പ്രതിഷ്ഠാതശക്തികരംക്കുപോലും സ്വീകാര്യമായിരിക്കു മെന്നു പ്രതീക്ഷയിലും, ഖണ്ഡിതവും നിശ്ചിതവുമായ ഒരു നിർദ്ദേശം അടങ്ങിയിരിക്കുന്നതുകൊണ്ടു ഗവമ്മെണ്ടിനും അനുകൂലിക്കുവാൻ വൈ മനസ്യം ഉണ്ടായിരിക്കയില്ലെന്നുള്ള പ്രത്യാശയിലുമാണു പൂർണ്ണമായ ഭര ണപരിഷ്കാരങ്ങരം ആവശ്യപ്പെട്ടകൊണ്ടുള്ള ഉപേക്ഷപങ്ങരം പിൻവ ലിക്കുവാൻ തീരുമാനിച്ചതു്. ജനാധിപത്യം പൂർണ്ണമായി ലഭിക്കണമെന്നു നമ്മുടെ ആദർശങ്ങളെ മുറുകെ പിടിച്ചുകൊണ്ടുതന്നെ ഈ പ്രമേയത്തെ അനുകൂലിക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു എനിക്കു മുമ്പു പ്രസംഗിച്ച മാന്യനോടു ഈ പ്രമേയത്തിനുവേണ്ടി വോട്ടുചെയ്യണമെ ന്നുപേക്ഷിച്ചുകൊള്ളുന്നു.

Mr. President.—As no other Member wishes to speak, I shall make a statement to make the position of the Government clear. As the Hon'ble Member himself pointed out, the question of constitutional reforms has become a sort of annual feature with this Legislative Council. And knowing myself the trend of events in India, I am not surprised that this question should be repeatedly brought to the notice of the Government by the non-official members of this House. I am glad to find that the Hon'ble Member Mr. Ayyappan gave a really proper interpretation of the statement that I made some time back in this House. When I pointed out certain of the difficulties which have to be encountered, it was not my intention to suggest that those difficulties were insurmountable in any sense at all. I only wanted to impress upon the Council that there is one side in the study of the constitutional development of Indian States to which sufficient attention has not been devoted so far. And I had in mind only those complications that might arise when a system

LIBRARY ARCHIVES Kerala Legislative Assembly

of full responsible Government is established in Indian States. I fully realise that the demand contained in the Cut Motion of the Hon'ble Member is, as he himself has admitted, something very modest and different from the demand for the establishment of full responsible Government in this State. So from that aspect, the resolution that the Council has to discuss today is in a sense different from the general resolution on constitutional reforms which this Council was called upon to discuss on previous occasions. The suggestion contained in this cut motion is that certain departments of this State in which there is no possibility of conflicts, say, between the ruler and the paramount power and which deal only with matters of internal administration can first be chosen and the administration of them entrusted to a minister chosen from amongst the elected members of this Council and who is made responsible to the members of the Council. That demand is said to be a very modest one and is certainly one which deserves the close attention of the Government. I fully realise that when a system of Provincial Autonomy is working in the neighbouring province this demand for at least a beginning in the direction of constitutional reform would become more insistent as days go by and the Government of Cochin will certainly have to recognise the demand of the people. I do not for a moment suggest that the people of Cochin are not fit for shouldering a responsibility of that kind. Of-course, no one for a moment would dare to suggest that while our fellow citizens in the neighbouring province of Madras are called upon to shoulder the responsibility of Government, the people living in this State cannot possess those qualities which could make such a system of Government a success. It is not at all the intention of the Government to put forward the argument that the people of Cochin are not yet capable of shouldering responsible Government. I do not propose to use any such argument at all. At the same time, I would ask Hon'ble Members to remember that the system of administration that prevails in an Indian State like Cochin, is already something different from the system of administration that prevails in a British-Indian Province. In the British Indian Provinces while you have got, whatever might be the responsibility given to ministers, the dominance of agents of an alien rule, in an Indian State you have not got that. But still, I know that the mere fact that the reins of Government are in the hands of a benevolent ruler is no answer for the demand of the people that they should themselves be called upon to share the responsibility of the Government. I can only say this much on the subject, that I certainly would apply my mind

LIBRARY ARCHIVES Kerala Legislative Assembly

to the study of the problem as enunciated in the Cut Motion of the Hon'ble Member. The Hon'ble Members have paid me a a compliment by saying that if I make up my mind I could succeed in establishing some form of responsible Government in this State. While I fully appreciate the compliment in such statements, I wish that I had that power in my hand. In any case, it is my duty as the chief advisor of His Highness to tender to His Highness proper advice on all matters relating to the government and I shall certainly apply my mind to the study of this problem. I would ask the Hon'ble Members to realise my own limitations in this and the limitations of the Government. After all no Indian State in India has yet ventured on this enterprise. That of itself will certainly refrain them from such an attempt. I would certainly like that we might take the credit of taking it up first (hear! hear) I can only assure the House that I certainly will apply my mind to this problem and in course of time tender to His Highness such advice as I think is proper. I do not think that Hon'ble Members will expect me to say more on this motion.

Hon'ble Members can have their vote recorded if they want it.

Mr. K. M. Ibrahim.—The vote of the House may be recorded just to strengthen the hands of the Government.

Mr. President—Yes. It should not be said afterwards that by soft words I induced the Hon'ble Member to withdraw his motion.

Motion was put and carried.

Motion No. 8.

Mr. K. Ayyappan.—*"To reduce the allotment of Rs. 76,544 for Huzur Secretariat by Re. 1. To request the Government to take all possible steps to counteract the Anti-Malayalee propaganda in Ceylon.*

സർ, സിലോണിൽപോയി കുടിയേറിപ്പാർക്കുന്ന ഇൻഡ്യാക്കാരെ, പ്രത്യേകിച്ചും മലയാളികളെ അവിടെനിന്നു പുറത്താക്കുവാനായി വളരെ സംഘടിതമായ നിലയിൽ പ്രവർത്തനം തുടങ്ങിയിരിക്കുന്നു. ഇതിനു സിലോൺകാരെ കുറ്റംപറഞ്ഞിട്ടു കാര്യമില്ല. അവരുടെയിടയിൽ തൊഴിലില്ലായ്മ അത്രകണ്ടു വർദ്ധിച്ചിട്ടുണ്ട്. പുറത്തുനിന്നു വന്നവർ ഏതെങ്കിലും തരത്തിൽ അവിടെ കുടിയേറി പാർത്തതിനുശേഷം അവരെ ആ രാജ്യക്കാർ ഉപദ്രവിക്കുമ്പോൾ ഈ രാജ്യക്കാർ വല്ലുമാസ്ത്തിലുംകൂടി അതിനു പരിഹാരം ചെയ്യാൻ സാധിക്കുമെങ്കിൽ അതു ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ണം. സിലോണും ഇൻഡ്യയും തമ്മിൽ കച്ചവടസംബന്ധമായും മറും അന്യോന്യം ഒഴിക്കുവാൻ പാടില്ലാത്ത ബന്ധങ്ങളുണ്ട്. ആ ബന്ധങ്ങളിൽക്കൂടി ഇൻഡ്യ പ്രവൃത്തിക്കുകയാണെങ്കിൽ സിലോണിൽ ഇൻഡ്യക്കാക്കുള്ള വിഷമം പരിഹരിക്കാൻ സാധിക്കാതെവരികയില്ല. അവിടത്തെ സ്റ്റേറുകൗൺസിലിൽക്കൂടി മിസ്റ്റർ ഗുണസിംഗ് എന്ന ഒരു മെമ്പർ അൻറി മലയാളി എജിറേറഷൻ എത്തിച്ചിട്ടുണ്ട്. അവിടത്തെ തിരഞ്ഞെടുപ്പിൽ പലരുടേയും തിരഞ്ഞെടുപ്പു വിജ്ഞാപനങ്ങളിൽ മലയാളികളെ പുറത്താക്കാമെന്നുള്ള പ്രതിജ്ഞയുണ്ടായിരുന്നു. ഇതിൽനിന്നു മലയാളികളോടുള്ള വിരോധഭാവം അവിടെ ജനങ്ങളുടെ ഇടയിൽ ആഴ്ന്നുമായിട്ടാണെന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

Mr. President.—Had the Ceylon Government done anything in this matter?

മിസ്റ്റർ കെ. അയ്യപ്പൻ.— സിലോൺ ഗവൺമെൻറു ഒന്നും ചെയ്തിട്ടില്ല. എന്നാലും നമ്മൾ ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ട ആവശ്യം നേരിട്ടിട്ടുണ്ട്. ഇവിടെ ഇപ്പോൾതന്നെ തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്നു. നാല്പതിനായിരത്തോളം മലയാളികൾ സിലോണിൽപോയിതാമസിക്കുന്നുണ്ട്. അവരുംകൂടി ഇങ്ങോട്ട വരുകയാണെങ്കിൽ ഇവിടത്തെ സ്ഥിതി വളരെ വിഷമമാകും. നമ്മുടെ ഗവൺമെൻറിന് ഈ കാര്യത്തിൽ ഇൻഡ്യാഗവൺമെൻറിനെക്കൊണ്ടു വല്ലതും ചെയ്യിക്കുവാൻ സാധിക്കും. ഗവൺമെൻറിനു ഈ കാര്യത്തിൽ എന്തൊക്കെയാണു ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി ഞാൻ പറയണമെന്നു തോന്നുന്നില്ല. എന്നേക്കാൾ കൂടുതലായിട്ട ഗവൺമെൻറിനു അറിയാമല്ലോ. അതുകൊണ്ട് ഇതു ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

Mr. T. S .Narayana Ayyar.—We have brought this matter to the notice of the Government of India through the Agent to the Governor-General, Madras States. Two articles appeared in the local papers, one in "Sathianadam" and the other, I think, in the "Sahodaran". It is from these newspapers that we got the information. Cuttings from these papers were forwarded to the Agent to the Governor-General with our views on the subject to be communicated to the Government of India. Subsequently we also received a letter from Mr. K. T. Mathew containing extracts from the speeches of the leader of this movement, to boycott Malayalees from Ceylon and those speeches were also forwarded to the Agent to the Governor-General to be communicated to the Government of India. That is what we have done in the matter.

Mr. President.—We will keep watch over the situation. We will see whether the Ceylon Government have to say any-

LIBRARY ARCHIVES Kerala Legislative Assembly

thing on this matter and then we shall again bring it to the notice of the Government of India.

Mr. K. Ayyappan.—I do not press the motion.

Motion was, by leave, withdrawn.

Motion No. 9.

Mr. K. M. Ibrahim.—"*To reduce the allotment of Rs. 76,544 for Huzur Secretariat by Re. 1. Government's failure in not having acceded to the promise of theirs made in the Proceedings of the Diwan of Cochin, Order R4—470/1109, dated 28th November 1933 (about 3 years ago), viz., Secondly.—A Bill will be introduced in the next Session of the Legislative Council to limit the rate of interest particularly on secured loans. Such a measure is fully justified by the very large fall which has occured in prices, one of the effects of which has been a great increase in the amount of debts reckoned in terms of commodities and as a result in the amount of interest payable on them.*"

* മിസ്റ്റർ പ്രസിഡണ്ട് സർ, ഫ്രാൻ-ാമാണ്ടിൽ കൃഷി സംരക്ഷണ യെ സംബന്ധിച്ചു ഗവമ്മെൻറു് ചെയ്ത വാഗ്ദത്തത്തെ പാലിച്ചില്ലെ ന്നുള്ളതാണു് എൻെറ ആക്ഷേപം. അതിൽ, അന്നു പുറപ്പെടുവിച്ച കല്പനയിൽ വസ്തു ഉറപ്പിന്മേലുള്ള കടങ്ങളുടെ പലിശയെ നിയന്ത്രിക്ക ന്ന ഒരു ബിൽ അടുത്ത നിയമസഭയിൽ കൊണ്ടുവരാമെന്നു ദിവാൻജി കല്പിച്ചിരുന്നു. അതേ കല്പനയിൽതന്നെ അദ്ദേഹം അതിനൊരു കാര ണവും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കൃഷിയുടെ ഉല്പന്നങ്ങൾക്കു വന്നിട്ട ുള്ള വിലവ്യത്യാസം ഇപ്രകാരമുള്ള പലിശയെ നിയന്ത്രിക്കുന്നതിനു ത ക്കതായ ഒരു കാരണമാണെന്നു അദ്ദേഹം സമ്മതിക്കുകയും ചെയ്തിരി ക്കുന്നു. ആ വാഗ്ദത്തത്തിനുശേഷം രണ്ടു കൊല്ലക്കാലമായി യാ തൊരു നടപടിയും നടത്തിയിട്ടില്ല എന്നുള്ളതിനെ പ്രതിഷേധിക്കാൻ മാത്രമാണു് ഞാൻ ഇവിടെ ഇതു കൊണ്ടുവന്നതു്. ഇതിനു വിശദീകര ണമായ, ദീർഘമായ, പ്രസംഗത്തിൻെറ ആവശ്യമില്ല. സംഗതി ഏ റെറവും സ്പഷ്ടമായി ഈ ഉപക്ഷേപത്തിൽത്തന്നെ കാണാം. പിന്നെ ഗ വമ്മെണ്ടുഭാഗത്തുനിന്നു വന്നേക്കാവുന്ന ഒരു വാദത്തെ പ്രതീക്ഷിച്ചുകൊ ണ്ടുമാത്രം രണ്ടു വാക്കു പറയാം. ഇതിൽ പറയുന്ന പലിശ നിയന്ത്രണ ബില്ലും ഗവമ്മെണ്ടു ഈയിടെ പാസ്സാക്കീട്ടുള്ള അതിപലിശ നിയന്ത്ര ണബില്ലും തമ്മിൽ യാതൊരു ബന്ധവുമില്ല. ഈ അതിപലിശ നിയ ന്ത്രണബിൽ ബ്രിട്ടീഷിൻഡ്യയിലുണ്ടാക്കീട്ടുള്ളതിനെ അനുകരിച്ചിട്ടു ള്ളതാണു്. ഉല്പന്നങ്ങളുടെ വിലക്കുറവിനുള്ള കാരണവും ഗവമ്മെണ്ടി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്റെ പലിശ നിയന്ത്രണബില്ലും തമ്മിൽ ബന്ധമില്ലാത്തതുകൊണ്ട് ഗവമ്മെണ്ടു ഭാഗത്തുനിന്ന് ഈ വാദം പുറപ്പെടുവിക്കുകയില്ലെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ ഇതു് അവതരിപ്പിച്ചുകൊള്ളുന്നു.

Mr. V. K. Kutty.—I second it.

Mr. T. S. Narayana Ayyar.—As a result of these Proceedings the Antony Committee was constituted to report on the question. The Committee differed on the utility or desirability of passing a legislative measure like this. As regards the rate of interest, they recommended 6 per cent on secured loans and a varying rate of 7½ and 9 per cent on unsecured debts. The Committee, however, were unanimous in their opinion that even if restriction was laid on the rates of interest, it would not confer any benefit on the agriculturist, unless ready-money was made available for payment to the creditors, in which case even without legislation, it will be possible to effect a voluntary conciliation with the creditors. It was in the light of that unanimous recommendation that the question of organising a Land Mortgage Bank was taken up immediately. Experience shows, that if ready money is available, there would be no difficulty in reducing the debts. As a matter of fact, for the last few weeks, I have been making payments to the creditors of the Paliyam Estate and I have now paid up to the extent of 1,76,000 rupees and I have found absolutely no difficulty in inducing the creditors to accept 6 per cent when the stipulated rates of interest were 9, 10½, 12 and even 14 per cent. In a few cases, I succeeded in reducing 6 per cent to 4½ per cent. It is the availability of cash that alters the position. It was on considerations like these that the idea of legislation was dropped. Legislation merely restricting the rate of interest will not bring any relief to debtors.

* മിസ്റ്റർ കെ. എം. ഇബ്രാഹിം.— സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു് കുറച്ചുകൂടി പരുഷമായിട്ട പറയണമെന്നായിരുന്നു ഞാൻ ഉദ്ദേശിച്ചിരുന്നതു. ഉത്തരവാദിത്വഭരണത്തെക്കുറിച്ചു ദിവാൻജി അവർകളുടെ ആശ്വാസവാക്കുകൾ എന്റെ വാദഗതിയെ തടസ്സപ്പെടുത്തീട്ടുണ്ടു. പക്ഷെ സിക്രട്ടറിക്കു് എല്ലാ സംഗതിയിലും ഒരു ഔദ്യോഗിക കണ്ണാണുള്ളതു. ആ ഔദ്യോഗികക്കണ്ണിൽക്കൂടി ഈ സംഗതിയെ വിമർശിക്കേണ്ട ആവശ്യമില്ല. അദ്ദേഹം പറഞ്ഞതും ആൻറണിക്കമ്മിറ്റി റിപ്പോർട്ടും തമ്മിൽ യാതൊരു ബന്ധവുമില്ല. അതിൽ കർഷകന്മാക്കു് ആശ്വാസപ്രദമായ ചില ശുപാർശകളേ ചെയ്തിട്ടുള്ളൂ.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. S. Narayana Ayyar.—It was one of the terms of reference to the Committee.

Mr. K. M. Ibrahim.—It is entirely a part of a different order constituting the Antony Committee. If my memory is correct, this was published in the Gazette on 25th Meenom 1109. It was only subsequent to that that the Antony Committee was constituted. This is entirely a new order. ഇതു് ഏ റ്റവും പ്രത്യക്ഷമായ ഒരു സംഗതിയായതുകൊണ്ടു് ഞങ്ങളുടെ വോട്ട കൊണ്ടുമാത്രമേ ഈ കാര്യം രേഖപ്പെടുത്തുവാൻ വിചാരിക്കുന്നുള്ളൂ.

Motion was, put and lost.

Motion No. 10.

Mr. K. Ayyappan.—*To reduce the allotment of Rs. 76,544 for Huzur Secretariat by Re 1. To request the Government to take steps to remove the menace of the Ceylon copra to the cocoanut industry of the State.*

സർ, സിലോൺ കൊപ്ര ഇവിടെ ഇറക്കുമതിചെയ്തു് ഇവിടത്തെ കൊപ്രക്കു് വില കുറക്കുവാൻ ഇടവരുന്നതിനു് പരിഹാരമായി താരിപ്പു കുറെ കൂട്ടുകയുണ്ടായി. പക്ഷെ, അതു് വേണ്ടിടത്തോളം ആകാത്തതുകൊണ്ടു് തീരെ ഫലമില്ലാതെയാണു് ഇരിക്കുന്നതു്. ഈയ്യിടെ കണ്ട റിപ്പോർട്ടിൽ സിലോൺ കൊപ്രയുടെ ഇറക്കുമതി വളരെ വർദ്ധിച്ചിട്ടുണ്ടെന്നു കാണുന്നു. ഇതിനുംപുറമെ സിലോണിൽ കൊപ്ര ഏക് സ്പോർട്ടു് ചെയ്യുവാനുള്ള സൌകര്യം കൂട്ടിവരികയാണു്. ഇതൊരു നിസാരമായ സംഗതിയല്ല. കടലോരപ്രദേശങ്ങളിലുള്ള ജനങ്ങളുടെയെല്ലാം തൊഴിലുകൾ ഏതെങ്കിലും പ്രകാരത്തിൽ നാളികേരത്തെയും കയറിനേയും ചകിരിയേയും സംബന്ധിക്കുന്നതാണു്. കൊപ്രക്കു് വിലയില്ലാതാകുമ്പോൾ ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ കഷ്ടപ്പെടുന്നു. ഗവൺമെണ്ടിനു് കൊപ്രക്കു് വില കൂട്ടുവാൻ കഴിഞ്ഞാൽ അവരുടെ തൊഴിലില്ലായ്മ വളരെ പരിഹരിക്കുവാൻ സാധിക്കും.

ഇപ്പോൾ അടക്കായുടെ കാര്യത്തിലും സിലോൺകാരെക്കൊണ്ടു് വിഷമം വന്നിട്ടുണ്ടെന്നാണു് അറിയുന്നതു്. ഈ വിഷമങ്ങൾ പരിഹരിക്കുവാൻ വളരെ പ്രയാസമുണ്ടെന്നു് എനിക്കറിയാം. കാരണം, സിലോണിലെ പ്ലാന്റേഴ്സു് അധികവും സിലോൺകാരല്ല, യൂറോപ്യന്മാരാണു്. അതുകൊണ്ടു നമ്മുടെ റപ്രസന്റേഷൻ ഇൻഡ്യാഗവൺമെണ്ടിനു് ചെല്ലുമ്പോൾ നാം ഉദ്ദേശിക്കുന്നവിധം അതു് ഏളുപ്പത്തിൽ പരിഹാരം കിട്ടുമെന്നു വിചാരിക്കുവാൻ തരമില്ല.

അതുകൊണ്ടു് ഗവൺമെണ്ടു് ഈ കാര്യത്തിൽ കഴിയുന്നതും എന്തെങ്കിലും ചെയ്യണമെന്നു് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. S. Narayana Ayyar.—We have done what we could in this matter. No independent action is possible by this Government, and the question of raising the import duty is now under the consideration of the Government of India.

Mr. K. Ayyappan.—Orders have been passed on Dr. Patel's report.

Mr. President.—We have done all that we can and these are all matters upon which we are helpless. We can only make representations to the Government of India.

Motion was, by leave, withdrawn.

Motion No. 11.

Mr. K. M. Ibrahim.—"*To reduce the allotment of Rs. 76,544 for Huzur Secretariat by Re. 1. The necessity of the Government's acceding to the following resolution moved by the Hon'ble Member Mr. T. K. Nayar and passed by the Legislative Council on 25th February 1932 (about 4½ years ago):—'In view of the present economic depression, this Council recommends to the Government to adopt a cut in the salaries of officers drawing Rs. 100 and above on the following scale—*

Rs. 100—250 at 7½ per cent
Rs. 250—400 at 10 ,,
Rs. 400—600at 12½ ,,
Rs. 600 and above at 20 per cent.

* സർ, ഈ പ്രമേയത്തെ സംബന്ധിച്ച് അനുദ്യോഗസ്ഥന്മാരുടെ ഇടയിൽ പരിപൂർണ്ണമായുള്ള യോജിപ്പ് ഉണ്ടാകുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. ഈ പ്രമേയം ഇതിനുമുമ്പ് ഈ നിയമസഭയിൽ പാസാക്കീട്ടുള്ള ഒരു പ്രമേയം നടപ്പിൽ വരുത്തണമെന്ന മാത്രമാണ്. അതുകൊണ്ടു ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഈ നിയമസഭ മുമ്പൊരു അഭിപ്രായം രേഖപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. മുരുക്കത്തിൽ ഇതിലെ സംഗതി ഇന്നത്തെ ഭരണച്ചിലവിനെ മുരുക്കണമെന്നുള്ളതാണ്. ഈ പ്രമേയം ഫർസ്റ്റ് ഫെബ്രുവരി ഏ-ാംനു- സ്വതന്ത്ര കക്ഷിയുടെ നേതാവായ ബഹുമാനപ്പെട്ട മിസ്റ്റർ ടി. കെ. നായർ ഈ നിയമസഭയിൽ അവതരിപ്പിച്ചു പാസാക്കീട്ടുള്ളതാണ്. ഈ പ്രമേയത്തിന്റെ മുരുക്കം ഇപ്പോഴത്തെ സാമ്പത്തികാധപതനത്തെ പരിഗണിച്ച് താഴെ പറയുന്ന തോതിൽ ശമ്പളത്തെ നിയന്ത്രിക്കണമെന്ന ഈ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ ഗവമ്മെൻറിനോട് ശുപാർശ ചെയ്യുന്നു എന്നാണ്. താഴെ പറയുന്ന തോതിലാണ് അതിനെ വിവരിക്കുന്നത്. നൂറു രൂപാ മുതൽ ൨൫൦ രൂപാ വരെ ൬൲ ശ. മ., ൨൫൦ മുതൽ ൫൦൦ വരെ ൧൦ ശ. മ., ൫൦൦ രൂപാമുതൽ ൯൦൦ രൂപാവരെ ൧൫൲ ശ. മ., ൯൦൦കയും അതിനു മേലും ൨൦ ശ. മ. ആയിരുക്കണമെന്നാണ്.

ഇതു് അടുത്ത കാലത്തുമാത്രം ചെയ്തതല്ല. ഏതാണ്ടു് ൫൲ കൊല്ലം മുമ്പു് കൊച്ചി നിയമസഭ വളരെ ശക്തിയായും യുക്തിപൂർവ്വമായും അന്നത്തെ ഉദ്യോഗസ്ഥന്മാരുടെ വോട്ടുകൊണ്ടു് അതിനെ അനുകൂലിച്ചിട്ടുള്ളതാണ്. അന്നത്തേതിലും പൊതുജനാഭിപ്രായത്തിനു കുറെക്കൂടി വിസ്തൃതി കൂടിയ ഇന്നത്തെ ഈ നിയമസഭയിൽ ഇതു പാസാകുമെന്നുള്ളതു് അവിതർക്കിതമായിട്ടുള്ള ഒരു സംഗതിയാണ്. ഇന്നത്തെ നിയമസഭയിലുണ്ടായിട്ടുള്ള കൂടുതൽ പ്രാതിനിദ്ധ്യവും ഇപ്പോൾ അനുദ്യോഗസ്ഥപക്ഷത്തിനു കിട്ടിയിരിക്കുന്ന കൂടുതൽ ശക്തിയും കൊണ്ടു് ഇതു പാസാകുന്നതിനു് അനുദ്യോഗസ്ഥന്മാരായ ഞങ്ങൾ നിർബ്ബന്ധിക്കുന്നു.

അതുകൊണ്ടു നിയമസഭയിൽ പാസായ ഈ പ്രമേയത്തെ നടപ്പിൽ വരുത്താതിരുന്നാൽ വാസ്തവത്തിൽ നമ്മുടെ നാട്ടുകാരുടേയും നമ്മെ ഇവിടെ അയച്ചിരിക്കുന്നവരുടേയും നാം പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലങ്ങളുടേയും ഉദ്ദേശം സാധിക്കുന്നതല്ല. അതുകൊണ്ടു ഈ നിയമസഭ മുമ്പൊരിക്കൽ പാസാക്കിയ പ്രമേയത്തെ ഒന്നുകൂടി ശക്തിപൂർവ്വം പാസാക്കുവാൻ നിങ്ങൾക്കു സന്മനസ്സുണ്ടാകണമെന്നു ഞാൻ വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

Mr. T. S. Narayana Ayyar.—The resolution was passed at a time when there was no levy of income-tax. The idea even then was to restore the cut with the introduction of income-tax. With the introduction of income-tax the necessity for the cut also ceased.

Mr. K. M. Ibrahim.—I press it.

Motion was put and carried.

Motion No. 12.

Mr. K. S. Panickar.— *"To reduce the allotment of Rs. 76,544 for Huzur Secretariat by Re. 1. The injustice of imposing taxes on small scale industries.*

സർ, കുടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കേണമെന്നുള്ള വിഷയത്തെപ്പറ്റിയുള്ള ആലോചന ഈ നിയമസഭയ്ക്കു ഒരു പുത്തരിയല്ല. കുടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കയും പരിപോഷിപ്പിക്കയും വേണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ നിയമസഭ തന്നെയല്ലൂ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മ്മെൻറു ക്രൂടിയും വളരെ ശക്തിയായി ഉത്സാഹിക്കുന്ന ഒരു കാലമാണിതെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഈ കാലത്തു ഈ കൂടിൽ വ്യവസായത്തിനു ഒരുതരം നികുതി ചുമത്തി അതിനെ മുളയിൽതന്നെ ചവിട്ടിത്തേക്കുവാൻ ശ്രമിക്കുന്നതു യാതൊരു പരിഷ്കൃത ഗവമ്മെൻറിനും യോജിച്ചതല്ല. ഞാൻ സമയമധികം കളയാതെ കുറച്ചു ഉദാഹരണങ്ങൾ മാത്രം പറയാം. രണ്ടോ മൂന്നോ രൂപാ കയ്യിലുള്ള ഒരു സാധു രണ്ടോ മൂന്നോ ഗ്ലാസ്സും കൊണ്ടുവന്നുവെച്ചു ഒരു ചായക്കച്ചവടം തുടങ്ങാമെന്നു വച്ചാൽ ഒരു രൂപാ ഒരണകൊടുത്തു അതിനു ലൈസൻസ് വാങ്ങിക്കേണ്ടിവന്നാൽ ആ സാധുവിനു വ്യാപാരം നടത്തുന്നതിനുള്ള മൂലധനം പൂജ്യംതന്നെ.

പിന്നെ വല്ല അടക്ക വെട്ടാമെന്നോ കുറെ നെല്ലു മേടിച്ചു കച്ചവടം ചെയ്യാമെന്നോ വിചാരിച്ചാൽ അതിനും കൊടുക്കണം നികുതി. രണയോ വ്യണയോ മൂലധനത്തോടുകൂടെയുള്ള ഒരു മത്സ്യക്കച്ചവടക്കാരൻ ഫക. ഫണ. നികുതി കൊടുക്കണം. മുടിവെട്ടുന്നവനും നികുതി, മണ്ണെണ്ണ വില്ക്കുന്നവനും നികുതി, ഇങ്ങിനെ സർവ്വം നികുതിമയം. ഇങ്ങിനെ നിസ്സാരമായ സംഗതികൾക്കു നികുതി ചുമത്തി ജനങ്ങളെ കഷ്ടപ്പെടുത്തുന്നതും കൂടിൽ വ്യവസായത്തെ ഉൻമൂലനം ചെയ്യുന്നതും ഏതൊരു ഗവമ്മെണ്ടിനും ഒരിക്കലും ഇക്കാലത്തു പ്രത്യേകിച്ചും ധർമ്മമല്ല. എന്നതന്നെയല്ല, അതുതീരെ പരിഹാസ്യവുമാണ്. സാനിറററി കൺഡീഷൻ പരിശോധിക്കുന്നതിനു് ലൈസൻസ് ക്രൂടിയേ കഴിയൂ എന്നുണ്ടെങ്കിൽ സൌജന്യ ലൈസൻസ് കൊടുക്കേണമെന്നാണു് ഞങ്ങൾ പറയുന്നതു്. പകർച്ച വ്യാധികളുണ്ടാകാതിരിക്കാനും പടർന്നു പിടിക്കാതിരിക്കാനും ആരോഗ്യവകുപ്പു ഏർപ്പെടുത്തി ലൈസൻസ് പ്രചരിപ്പിക്കാൻ തുടങ്ങിയ ശേഷമല്ലയൊ നമ്മുടെ നാട്ടിൽ പ്ലേഗ് മുതലായ മഹാരോഗങ്ങൾ കണ്ടുതുടങ്ങിയതു് എന്നാണു ഞാൻ ചോദിക്കുന്നതു. ഒരു പുതിയ തസ്തികയും ഒരു പുതിയ ഡിപ്പാർട്ടുമെണ്ടും സൃഷ്ടിച്ചതിനാൽ നേരിട്ട അധികച്ചിലവിലേക്കു കണ്ടുപിടിച്ച ഒരു പുതിയ വരായ്കയാണൊ കൂടിൽവ്യവസായത്തിനു നികുതി ചുമത്തൽ? ഇങ്ങിനെയുള്ള ഗവമ്മെണ്ടാണൊ സാധുക്കളെ രക്ഷിക്കാനൊ കൂടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കാനൊ ശ്രമിക്കുന്നതു്? ഗവമ്മെണ്ടിൻെറ ഈ നയം ഒരിക്കലും അഭിലഷണീയമൊ സ്വീകാര്യമൊ അല്ലെന്നു ഗവമ്മെണ്ടിനെ വളരെ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇങ്ങിനെയുള്ള വ്യവസായത്തിൽ നിന്നാണ് പകർച്ച വ്യാധികൾ അധികം ഉണ്ടാകുന്നതു് എന്നു ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അവരെപ്പോലെ ബുദ്ധിശൂന്യന്മാരെ മേലാൽ പ്രസവിക്കാതിരിപ്പാൻ മാതൃമഹിയോടഭ്യർത്ഥിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈ വ്യവസായങ്ങൾ ഈ വിദഗ്ധന്മാരെ ഇറക്കുമതി ചെയ്തതോടുകൂടി ഇവിടെ ഇറക്കുമതി ചെയ്തതല്ല. മുമ്പുണ്ടായിരുന്നതു തന്നെയാണ്. ഇതിൽനിന്നു തന്നെ

LIBRARY ARCHIVES Kerala Legislative Assembly

യാണൊ ഈ രാജ്യത്തു് ഇനി പകർച്ചവ്യാധികൾ ഉണ്ടാകുന്നതെന്നു പറയുവാനുള്ള വൈദഗ്ദ്ധ്യം എനിക്കില്ല. എന്നാൽ പകർച്ച വ്യാധികൾ ഉണ്ടാകയില്ലെന്നു പറയുവാനുള്ള പാണ്ഡിത്യമൊ ജോത്സ്യമൊ എനിക്കില്ല. എന്നാൽ ഇതിനു ഒരു നികുതി ചുമത്തി കഷ്ടത്തിലാക്കരുതെന്നാണു് ഞാൻ ഗവൺമെൻറിനെ ധരിപ്പിക്കുന്നതു്. ഒരു മത്സ്യക്കച്ചവടം ചെയ്യണമെന്നുണ്ടെങ്കിൽ അതിനു ഒന്നരയൊ രണ്ടരയൊ രൂപാ കൊടുത്തു ഒരു ലൈസൻസു എടുത്താൽ ആ ലൈസൻസിൽ പറയുന്ന ചന്തയിൽ വെച്ചു മാത്രമെ അതു് വ്യയം ചെയ്യാൻ പാടുള്ളൂ എന്നും അവിടെ ചിലവു ചെയ്യാൻ സാധിക്കാതെ വന്നാൽ അതു കഴിച്ചു മടങ്ങേണ്ടതാണെന്നും വന്നാൽ ആ സാധുവിൻെറ സ്ഥിതി എന്തായിരിക്കും? ഒരു കൃഷിക്കാരൻെറ കാർഷികോല്പന്നമായ നെല്ലു വിൽക്കുന്നതിനും അടക്കവെട്ടി കളിയാക്കുന്നതിനും ലൈസൻസ് വാങ്ങണംപോൽ! ഇതെന്തൊരു അക്രമമാണ്? കർഷകരെ തകർക്കുക, കൂടിൽ വ്യവസായത്തെയും കൂടിൽ വ്യവസായികളേയും തകർക്കുക, ഇതാണോ വ്യവസായതല്പരനായ സർ ഷൺമുഖത്തിൻെറ ഗവൺമെണ്ടിൻെറ പരിഷ്കൃതനയം? പച്ചമത്സ്യക്കച്ചവടക്കാരോടു കാണിക്കുന്ന നിർദ്ദയമായ നയമാണു് ഇതിൽ ഏറ്റവും നിന്ദ്യമായിട്ടുള്ളതു്.

ഗവൺമെൻറു കർഷകരോടും കൂടിൽ വ്യവസായികളോടും ഇങ്ങിനെ നിർദ്ദയമായും കാക്ഷ്യമെന്യെ പ്രവൃത്തിച്ചാൽ ഈ നിസ്സാരതൊഴിലാളികളും കർഷകരും കഷ്ടത്തിലാകുന്നതാണു്. അവരെ രക്ഷിക്കുവാൻ തൊഴിലില്ലായ്മ പ്രശ്നത്തിനു പരിഹാരമായിട്ടുള്ള ഏറ്റവും ന്യായമായിട്ടുള്ള അനവധി സാധുക്കൾക്കു കഴിഞ്ഞുകൂടാവുന്ന ഈ നിസ്സാരമായ തൊഴിലിനു അതായതു ചുരുങ്ങിയതു ഒരുകയും അതിൽ താഴെയും ലൈസൻസ് നികുതി ചുമത്തി വരുന്ന കൂടിൽവ്യവസായങ്ങൾക്കു നികുതി ചുമത്താതെ ഒരുഫ്രീ ലൈസൻസു കൊടുത്തു ഇങ്ങിനെയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണമെന്നു ഗവൺമെൻറിനെ മനസ്സിലാക്കുവാൻ മാത്രമാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്. ഗവൺമെൻറു സാധുക്കളെ രക്ഷിക്കണമെന്നു മനോഭാവത്തോടുകൂടിയിരിക്കയാണെന്നു വെളിപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു ഇങ്ങിനെയുള്ള ചെറിയ വ്യവസായങ്ങൾക്കു ഫ്രീ ലൈസൻസ് കൊടുത്തു അവരെ രക്ഷിക്കേണമെന്നു അപേക്ഷിച്ചുകൊണ്ടും പൊതുജനപ്രതിനിധികൾ എല്ലാവരും എന്നോടു യോജിക്കേണമെന്നപേക്ഷിച്ചുകൊണ്ടും ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. M. V. Cherian.—Sir, with reference to this motion, there was some experience at Venduruthi, when the officers concerned in enforcing the license for fish trade went to Venduruthy and made a propaganda that fish-sellers should take out a license. A criminal case arose out of it and the officer who

LIBRARY ARCHIVES Kerala Legislative Assembly

was in charge of that affair also was alleged to have been assaulted. The criminal case chargesheeted by the Cusba Police was pending in the Mattancherry Magistrate's Court for over one year and a half and during the course of that trial, I came to understand that it all arose out of the pressure put by the officer in asking the people to take out licenses. And on further study, I understood that even small traders who catch 4 annas or 5 annas worth of fish a day were insisted on to take out licenses and they thought that it was rather too much and there was some hubbub regarding that. Still the officer insisted and therefore some unhappiness took place. Now, so far as Venduruthi and suburbs are concerned, there are more than 50 fishmongers who cannot afford to take out licenses and at the same time the Public Health Department insists that they should take out licenses and on certain occasions the Department might be able to persuade to get the license fee by prosecution and other things. I also endorse the view expressed by the Hon'ble Member that in case the Public Health Department wants to have control over such minor trades, the license should be given free of any fee.

Mr. E. Ikkanda Warriar—I also support this motion.

Dr. E. S. R. Menon—Orders have already been issued to the subordinate officers not to take any license fee in small trades. I have given definite instructions that no fee should be collected from those who cannot afford to pay any fee. It was followed last year and this year and it will be followed next year also.

Mr. M. V. Cherian.—I may be allowed to add one more word. It must not be left to the subordinate officer. The Public Health Officer will look into the matter personally.

മിസ്റ്റർ കെ. അയ്യപ്പൻ.— ലൈസൻസ്സ് ഫീസ്സു വാങ്ങണമെന്ന് ഗവമ്മെൻറു ആർഡറുള്ളപ്പോൾ ഹെൽത്തു ഡയറക്ടർ അവർകൾ എങ്ങിനെയാണ് ആർഡറയക്കുന്നതു്?.

ഡാക്ടർ ഇ. എസ്. ആർ. മേനോൻ.— വളരെ സാധുക്കളായിട്ടുള്ളവർക്കു ഫ്രീയാക്കണമെന്നു ഗവമ്മെൻറു ആർഡറായിട്ടുണ്ടു്.

Mr. President.—He is taking the permission of the Government. You are giving free licenses to people who cannot afford to pay for it?

Dr. E. S. R. Menon.—Yes.

Mr. President.—And what is it that you require?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എ.സ്സ്. പണിക്കർ.— സർ, അഞ്ചുരൂപാ വരെയുള്ള ലൈസൻസ്സുകൾ ഫ്രീയാക്കണമെന്നാണ് ഞാനപേക്ഷിക്കുന്നത്.

Mr. President.—I would suggest that it might form the subject of the Advisory Committee where they will discuss the details. We cannot discuss the details here.

Motion was by leave withdrawn.

Motion No. 13.

Mr. K. S. Panickar.—"*To reduce the allotment of Rs. 76,544 for Huzur Secretariat by Re. 1.* പതിനഞ്ചുറുപ്പികയിൽ താഴ്ന്ന ഗവമ്മെണ്ട് ഉദ്യോഗസ്ഥന്മാരുടെ ദയനീയസ്ഥിതിയും മൻകാലങ്ങളിൽ അവർക്ക് കിട്ടിവന്നിരുന്ന ബത്ത യാത്രച്ചിലവ് ഇവകയും ഉടനെ അനുവദിച്ചു കൊടുക്കേണ്ടുന്ന ആവശ്യകതയേയും ഗവമ്മെണ്ടിനെ ധരിപ്പിക്കുവാൻ.

സർ, ഞാൻ ഈ പാവങ്ങളുടെ കാര്യം പറഞ്ഞപ്പോൾ ഗവമ്മെൻറുദ്യോഗസ്ഥന്മാർക്ക്—ട്രെഷറി ബഞ്ചിൽ ഇരിക്കുന്നവർക്ക്—ഒരു ചിരിയാണുളവായികാണുന്നത്. നൂറു രൂപാ മുതൽ മേല്പോട്ടുള്ള വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്മേൽ സാലറികട്ട് ഏർപ്പെടുത്തണമെന്ന കാര്യം വന്നപ്പോൾ അവരുടെ മുഖത്തു എന്തോരു ഭാവഭേദമായിരുന്നു നാം കണ്ടത്. ഫിഫ്റ്റിരൂപായും അതിനു താഴെയും ശമ്പളം വാങ്ങി പട്ടിണി കിടന്നു രാവു പകൽ പണി എടുക്കുന്ന സാധുക്കളുടെ ബത്ത കാര്യം ർണക്കു നു ഊണ് ഇപ്പോൾ കിട്ടുന്ന കാലമാണെന്നും മറും പറഞ്ഞു അവർക്ക് ബത്ത ക്രട്ടി കൊടുക്കാതിരിക്കയും തങ്ങൾക്കു ബത്തയും ശമ്പളവും പോരെന്നു വാദിക്കുകയും ചെയ്യുന്ന ട്രഷറി ബഞ്ചിലുള്ള വലിയ ഉദ്യോഗസ്ഥന്മാർക്ക് ഒരു ഇളക്കവും കാണുന്നും ഇല്ല (ചിരി) ഈ കാര്യത്തെപ്പറ്റി കഴിഞ്ഞ കൌൺസിലിൽ വളരെ വ്യക്തമായി ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ക്ഷാമം ബാധിക്കുന്നതിനു മുമ്പായി ഇവർക്കു കിട്ടി വന്നിരുന്ന ബത്തയും യാത്രച്ചിലവും ആയ സംഖ്യയിൽനിന്നും സാമ്പത്തികാധഃപതനത്തിന്റെ പേരിൽ ഒരു ശതമാനം വെട്ടിക്കുറച്ചു അതായതു വണ കിട്ടിയിരുന്ന ശിപായിമാർക്കു നാലണ; വണ കിട്ടിയിരുന്നവർക്കു ർണ ഇങ്ങിനെയാക്കി. പൊല്ലീസുകാരുടെ കാര്യം പറയുകയാണെങ്കിൽ ഒന്നാം ഗ്രേഡ് കാൺസ്റ്റബിൾക്കു വണയും രണ്ടും മൂന്നും ഗ്രേഡുകാർക്കു നാലണയും ആണ് കൊടുത്തുവരുന്നതു്.

മുൻസീഫ് കോർട്ട് ശിപായിമാർക്കു മുമ്പു യാത്രച്ചിലവിനുകൊടുത്തിരുന്നു. ഇപ്പോൾ അതും കൊടുക്കുന്നില്ല. ഒരു കാലത്തു അതായതു ർകൊല്ലം മുമ്പു ശിപായിമാർ, പോലീസുകാർ മുതലായവർക്കു കൊടുത്തുവന്നിരുന്ന ബത്തയും യാത്രച്ചിലവും ഈ കൊല്ലാരംഭം മുതൽക്കു

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും അവക്ക കൊടുക്കേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. തൊഴിലില്ലായ്മയുടെ ആധിക്യം കൊണ്ടല്ലയോ, മൂർദ്ധന്യം കൊണ്ടല്ലയോ ഈ ഫാക മുതൽ ഫ്രെക വരെ ശമ്പളത്തിൽ രാവുപകൽ ഒരുപോലെ കഷ്ടപ്പെട്ടും വകുപ്പദ്ധ്യക്ഷന്മാരുടെ നിർദ്ദയമായ ശകാരവും ശിക്ഷയും അനുഭവിച്ചും വീട്ടുവേലകൾ ക്രൂടി ചെയ്തും ഈ ജോലിക്ക വരുന്നതെന്നു ആലോചിക്കാനൊ കാണാനൊ കണ്ടറിയാനൊ ഹൃദയം ഇല്ലാത്തവരായി ദാരിദ്ര്യത്തിന്റെ ശക്തി എന്താണെന്നറിയാത്തവരായി എല്ലാം "നാം താൻ" എന്നു പറഞ്ഞു പ്രതാപം നടിക്കുന്ന വകുപ്പദ്ധ്യക്ഷന്മാർ ഇനിയെങ്കിലും ഈ സാധുക്കളുടെ ഇത്ര നിസ്സാരമായ, എന്നാൽ അവക്ക ഏറ്റവും അനുഗ്രഹമായ, ഈ കാര്യത്തിൽ ഔദാര്യപൂർവ്വം അനുകമ്പാപൂർവ്വം ചിന്തിക്കണം എന്നാണു ഞാൻ അപേക്ഷിക്കുന്നത്. ഈ സാധുക്കളായ ഉദ്യോഗസ്ഥന്മാക്ക പത്തൊ പന്ത്രണ്ടൊ രൂപാ ശമ്പളം കിട്ടിവരുന്നതുകൊണ്ട് അവർക്ക കുട്ടികളെ പഠിപ്പിക്കണം, കടക്കാർക്ക കൊടുക്കണം, അവർക്കുതന്നെ ചിലവു കഴിയണം. ഇവരിൽ ഒരു ശ. മ. ഉദ്യോഗസ്ഥന്മാരും അരപട്ടിണിയും മുഴുവൻ പട്ടിണിയും ആയി കഴിച്ചുകൂട്ടുന്നവരാണ്. മുൻകാലങ്ങളിൽ അവർക്ക കൊടുത്തുവന്നിരുന്ന ബത്തയും യാത്രച്ചിലവും ഇനിയെങ്കിലും അവർക്ക കൊടുത്തുതുടങ്ങണമെന്നും അതു കൊടുക്കാതെ കഴിച്ചുകൂട്ടുവാനുള്ള മുടന്തൻന്യായങ്ങൾ പറയരുതെന്നും വേണ്ടതിന്നും വേണ്ടാത്തതിന്നും പുതിയ തസ്തികകളും പുതിയ ഡിപ്പാർട്ടുമെണ്ടുകളും സൃഷ്ടിച്ചും അമിത വ്യയം ചെയ്തും വരുന്ന ഗവമ്മെണ്ടു ഇത്ര നിസ്സാരമായതും ഈ സാധുക്കൾ അർഹിക്കുന്നതും അവകാശപ്പെടുന്നതുമായ ഈ അനുകൂല്യം കാല വിളംബമെന്യെ അവർക്ക ചെയ്തുകൊടുക്കേണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

പിന്നെ മുൻസീഫ് കോടതി ശിപായിമാർക്ക പത്തു മൈൽ അകലെ പോയാൽ ബസ്സുക്രൂലി കൊടുക്കുന്നുണ്ട്. ആട്ടും അവർക്ക ഊണിനുള്ള ബത്തയും കൊടുത്തിരുന്നു. 9 15/16 മൈൽ ദൂരംവരെ പോകുന്ന ഈ പാവങ്ങൾക്കാവട്ടെ മറ്റു ശിപായിമാക്കും പോലീസുകാക്കുമാകട്ടെ യാത്രച്ചിലവിന്നും ബത്തക്കും അർഹതയില്ലെന്നാണല്ലൊ ഇപ്പോഴത്തെ വ്യവസ്ഥ. മുൻസീഫ് കോടതി ശിപായിമാരോടാണ് ഗവമ്മെൻറു വളരെ ശക്തിയായിട്ടുള്ള വിരോധം കാണിക്കുന്നതു. മറ്റുള്ളവക്കൊക്കെ ചിലവിന്ന കൊടുക്കുന്നുണ്ട്. ഇവരുടെ നേരെയുള്ള കാക്കശ്യം ഇനിയും ഗവമ്മേണ്ടുപേക്ഷിക്കുന്നില്ലാ. ഓരോ വകുപ്പദ്ധ്യക്ഷന്മാർ അവരുടെ ശമ്പളം വർദ്ധിപ്പിക്കണം വർദ്ധിപ്പിക്കണം എന്ന പല്ലവി പാടുമ്പോൾ ഈ സാധുക്കൾ അവക്ക് മുൻകാലങ്ങളിൽ കിട്ടിവന്നിരുന്ന ബത്തയും യാത്രച്ചിലവും തരണേയെന്നാണ് അപേക്ഷിക്കുന്നത്.

ഞാൻ ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളതു അനുവദിക്കുന്നതായാൽ ഒരു മാസത്തിൽ രൂണയോ രൂണയോ കവിഞ്ഞാൽ ഒരു ശ്ര

LIBRARY ARCHIVES Kerala Legislative Assembly

പയോ ആണ ഓരോരുത്തർക്ക കിട്ടവാൻ പോകുന്നത്. അതു അവർക്ക കിട്ടിക്കഴിഞ്ഞാൽ വലിയ ഉദ്യോഗസ്ഥന്മാർക്ക ഫാറ തുപ കൂടുതൽ കിട്ടിയാലുള്ള ഫലം ആണ അവർക്കണ്ടാകുക.

അതുകൊണ്ട ഗവമ്മെൻറ ദയവായി വിചാരിച്ച ഇതു് അവർക്ക അനുവദിച്ച കൊടുക്കണമെന്ന അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി.— സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു. വില്ലേജു മാസപ്പടിമാരുടെ കാര്യമാണ് എനിക്ക പറയുവാനുള്ളതു്. പഴഞ്ഞിയിൽ നിന്ന ഒരു മാസപ്പടി വടക്കാഞ്ചേരിയിലേക്ക പണം അടക്കുവാൻ പോകുന്നതിന്നു ഒരു ദിവസത്തേക്ക നാലണയേ അവർക്ക കൊടുക്കുന്നുള്ളു. അങ്ങോട്ട ബസ്സുകൂലി തന്നെ പത്തണ വേണ്ടിവരും. കൂടാതെ ഭക്ഷണച്ചിലവിന്നു അവരുടെ കയ്യിൽനിന്നു എടുക്കേണ്ടിവരും. അവർക്ക ഇപ്പോഴുള്ള നാലണ മതിയാകാതെയാണ് ഇരിക്കുന്നതു്. അതുകൊണ്ട് ഗവമ്മെൻറ അവരുടെമേൽ ദയവു വിചാരിച്ച് കുറച്ച് കൂടുതൽ സംഖ്യ അനുവദിച്ച കൊടുക്കണമെന്ന ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ വി. കെ. കുട്ടി.— ആറണ ചിലവിന്നു കൊടുത്തിരുന്ന കാലത്തു എന്തു ചിലവു വന്നിട്ടുണ്ട്? ഇപ്പോൾ ഈ നാലണ ആക്കിയപ്പോൾ എന്തു ചിലവു വരും എന്നു പറഞ്ഞാൽ കൊള്ളാം?.

Mr. M. V. Cherian.—Sir, I think it is a very hard lot that these peons—low paid officers—are put to this turmoil. They have to spend money from their own pockets, whether by borrowing or by stealing, and in one of these ways they are managing. But does the Government propose that this sort of affairs should continue? They must steal, borrow or find some way or other. If the Government even now wants to continue this sort of practice, not only the morality is affected thereby but the public also will be suffering losses. Therefore, in the interest of the public, as well as in the interests of these low paid officers, it is better that they should be given some sort of allowance that will keep them up.

Mr. P. V. Subramania Ayyar.—I am very sorry that I gave occasion for the Hon'ble Member to make such a long and sympathy-evoking speech. In the previous Council a resolution was in fact passed and the Government have since been taking pains to enquire what the outlay would be in the grant of enhanced travelling allowance to the menials. The only difficulty was to assess the amount that would be required to

LIBRARY ARCHIVES Kerala Legislative Assembly

give an enhanced T. A. to these menials. We have not been able to ascertain the amount of travelling allowance payable to the menial servants alone. Our accounts show only the travelling allowance of a certain group of officers or departments. I am trying my best to ascertain the possibility of assessing such outlay as would be required for enhancing T. A. of menials alone with a view to increase the allowance up to the old rate of 6 annas. A report is pending from the Government and the Government have also pressed me to expedite the report. I think my report will go soon and orders will be passed expeditiously to expedite the report. I think by report will go soon and orders will be passed expeditiously. The report is pending with me.

Mr. President.—When do you expect to send the report?

Mr. P. V. Subramania Ayyar.—In the course of a fortnight.

Mr. T. K. Nayar.—Is the report favourable?

Mr. P. V. Subramania Ayyar.—Yes.

Mr. President.—The comptroller of Accounts has been asked to report to Government as to what would be the increase in expenditure if the old rates of travelling allowance of menials were enhanced. As soon as the report of the Comptroller is received orders will be passed by Government. And the Comptroller has promised to send the report in two weeks.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, കഴിഞ്ഞ പ്രാവശ്യവും ഗവമ്മെൻറു ഇതുപോലെ മറുപടി പറഞ്ഞു. പക്ഷെ അതെല്ലാം വായുവിൽ ലയിച്ചുപോയി. അതുപോലെ ഇപ്പോഴും ആകാതിരുന്നാൽ കൊള്ളാമെന്ന അപേക്ഷിച്ചുകൊണ്ടും ഗവമ്മെണ്ടിന്ന വ്യയം ഉണ്ടാകുമ്പോൾ ഈ പാവങ്ങൾക്കു ഒരു രക്ഷയുണ്ടാകുമെന്ന പ്രതീക്ഷിച്ചുകൊണ്ടും ഞാൻ ഈ ഉപക്ഷേപം തല്ക്കാലത്തേക്കായി പിൻവലിക്കുന്നു.

Motion was, by leave, withdrawn.

Mr. President.—I think I have to put the demand to vote now. It is nearly 5 now.

The demand of Rs. 91,443 under 15—General Administration minus Rs. 5 was put and carried.

10—General Administration—Cranganur—Rs. 900.

The demand was put and carried.

LIBRARY ARCHIVES Kerala Legislative Assembly